പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.484 29.01.2019-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. ആരംഭിച്ച പ്രവാസി ചിട്ടിയിൽ എത്ര പ്രവാസികൾ വരിക്കാരായി ചേർന്നിട്ടുണ്ട്; | (എ) | കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയിൽ നാളിതുവരെ 2586 വരിക്കാർ 3137 ടിക്കറ്റുകളിൽ ചേർന്നിട്ടുണ്ട് |
| (ബി) | ഈ ചിട്ടി ആരംഭിച്ച ശേഷം നാളിതുവരെയുള്ള ലാഭം എത്രയാണെന്ന് അറിയിക്കുമോ; | (ബി) | ചിട്ടി ആരംഭിച്ചത് 2018 നവംബർ 23-നു മാത്രമാണ്. |
| (സി) | ചിട്ടി വഴി കിഫ്ബിയിലേയ്ക്ക് നാളിതുവരെ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഈ ചിട്ടി വഴി സമാഹരിക്കാൻ ലക്ഷ്യമിട്ട തുക യുടെ എത്ര ശതമാനമാണ് ഇപ്രകാരം സ്വരൂപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | നിലവിൽ യു.എ.ഇ.യിൽ മാത്രമാണ് ആദ്യ ഘട്ടമെന്നോണം പ്രവാസി ചിട്ടി ആരംഭിച്ചത്. നിക്ഷേപം തുടങ്ങിയ 2018 നവംബർ മാസം പകുതി മുതൽ ജനുവരി വരെയുള്ള ചുരുങ്ങിയ കാലയളവിൽ തന്നെ 4,13,60,000/- രൂപ കിഫ്ബിയിൽ നിക്ഷേപിക്കുവാൻ കെ.എസ്.എഫ്.ഇയ്ക്ക് സാധിച്ചു. കെ.എസ്.എഫ്.ഇ ചിട്ടികൾ ശരാശരി 40 മാസം വരെ ദൈർഘ്യം ഉള്ള ചിട്ടികളാണ്. മേൽ പറഞ്ഞ തുക ഇതുവരെ തുടങ്ങി വെച്ച 116 ചിട്ടികളുടെ ആദ്യമാസ ഗഡു മാത്രമാണ്. ഇതിനകം തന്നെ 153.89 കോടി രൂപയുടെ ടേണോവർ ഉറപ്പാക്കാൻ ഈ ചുരുങ്ങിയ കാലയളവിൽ പ്രവാസി ചിട്ടിക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. ഈ തുകയിൽ നിക്ഷേപകരുടെ താത്പര്യാനുസരണം ഒരു സിംഹഭാഗം കിഫ്ബിയിലേക്ക് നിക്ഷേപിക്കപ്പെടും എന്ന് കരുതുന്നു. പ്രവാസി ചിട്ടി മറ്റു രാജ്യങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നത് വഴി ദീർഘകാല അടിസ്ഥാനത്തിൽ ഏകദേശം 10000 കോടി രൂപ സമാഹരിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | വികസന പദ്ധതികളിൽ തങ്ങളുടെ വിഹിതം ഉപയോഗിക്കുന്നതിന് ചിട്ടിയിൽ ചേർന്നിട്ടുള്ള എല്ലാ വരിക്കാരും സമ്മതം നൽകിയിട്ടുണ്ടോ; എങ്കിൽ ഏറ്റവും കൂടുതൽ പേർ സമ്മതം നൽകിയിട്ടുള്ളത് ഏത് വികസന പദ്ധതിയിൽ നിക്ഷേപിക്കുന്നതിനാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാ ക്കുമോ? | (ഡി) | തീരദേശ ഹൈവേ ചിട്ടികൾ 567 പേർ, വിദ്യാലയ ചിട്ടികൾ 423 പേർ, ആരോഗ്യ ചിട്ടികൾ 398 പേർ എന്നിങ്ങനെയാണ് തങ്ങളുടെ വിഹിതം ഉപയോഗിക്കാൻ വരിക്കാർ സമ്മതം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ